പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2240

17.6.2014 ൽ
മറുപടിയ്ക്ക്

ഐ.ടി. വികസനത്തിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന കമ്പനികൾക്കുള്ള സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
|---|---|
| എ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഐ.ടി. മേഖലയ്ക്കു വേണ്ടി അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി മുന്നോട്ട് വരുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; | എ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഐ.ടി. മേഖലയ്ക്ക് വേണ്ടി അടിസ്ഥാന സൗകര്യങ്ങളും വികസന പദ്ധതികളുമായി വരുന്ന സ്ഥാപനങ്ങൾക്ക് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി (**90** വർഷത്തെ പാട്ടത്തിന്), ജലം, വൈദ്യുതി, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ അനുമതികൾ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ പ്രത്യേക സാമ്പത്തിക മേഖലയിൽ ലഭ്യമാകുന്ന എല്ലാ കേന്ദ്ര ആനുകൂല്യങ്ങളും നികുതി ഇളവുകളും, അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി മുന്നോട്ടു വരുന്ന സ്ഥാപനങ്ങൾക്ക് ലഭിക്കുന്നു. |
| ബി) ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.ടി. കെട്ടിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നതിന് സർക്കാർ ചെലവഴിച്ച മൊത്തം തുകയ്ക്ക് അനുസൃതമായി നേരിട്ടുള്ള വരുമാനം കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) ചെലവഴിക്കപ്പെട്ട തുകയും ഇതുവരെ ലഭിച്ച വരുമാനവും അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | സി) ഉണ്ട്. ഓരോ വർഷവും വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് ആന്വൽ ഫിനാൻഷ്യൽ റിപ്പോർട്ടായി അവതരിപ്പിക്കപ്പെടുന്നുണ്ട്. 2012-13 ലെ വാർഷിക കണക്കുപ്രകാരം ടെക്നോപാർക്കിന് 47,57,19,691.51/- രൂപ വരവും 62,95,70,374.03/- രൂപ ചെലവും ഇൻഫോപാർക്കിന് 25,71,31,764/- രൂപ വരവും 10,04,70,399/- രൂപ ചെലവും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ